# <u>പത്രക്കുറിപ്പ്</u>

**07.11.2017** തീയതി കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ വച്ച് നടത്തുന്ന ഇന്ത്യ-ന്യൂസിലാന്റ് മൂന്നാം അന്താരാഷ്ട്ര **T-20** ക്രിക്കറ്റ് മത്സരത്തിനോടനുബന്ധിച്ച് അന്നേദിവസം വൈകുന്നേരം **03.00** മണി മുതൽ രാത്രി **11.00** മണിവരെ ഗതാഗത ക്രമീകരണം ഉണ്ടായിരിക്കുന്നതാണ്.

കഴക്കൂട്ടം - ശ്രീകാര്യം വരെയുള്ള ദേശീയപാതയിലൂടെ വൈകുന്നേരം **03.00** മണി മുതലുള്ള ഗതാഗതം യാത്രക്കാർ ഒഴിവാക്കി പോകേണ്ടതാണ്. ടി റോഡിനു പരാലൽ ആയോ, ഗതാഗതതടസ്സം ഉണ്ടാക്കുന്ന രീതിയിലോ, മറ്റു വാഹനങ്ങൾക്ക് കടന്നു പോകുന്നതിന് തടസ്സം ഉണ്ടാക്കുന്ന രീതിയിലോ വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ അനുവദിക്കുന്നതല്ല.

ക്രിക്കറ്റ് മത്സരം കാണാനെത്തുന്നവരുടെ വാഹനങ്ങൾ മാത്രമെ കഴക്കൂട്ടം - ശ്രീകാര്യം ദേശീയപാതയിലൂടെ വൈകുന്നേരം **03.00** മണി മുതൽ കടത്തിവിടുകയുള്ളൂ.

<u>വാഹനങ്ങൾ വഴി തിരിച്ചു വിടുന്ന വിധം</u>

ആറ്റിങ്ങൽ ഭാഗത്തു നിന്നും ശ്രീകാര്യം ഭാഗത്തേയ്ക്ക് വരുന്ന വാഹനങ്ങൾ കഴക്കൂട്ടത്തു നിന്നും ബൈപ്പാസ് റോഡിലൂടെ വന്ന് മുക്കോലയ്ക്കൽ – കുളത്തൂർ – മൺവിള – ചാവടിമുക്ക് വഴി പോകേണ്ടതും, കഴക്കൂട്ടം ഭാഗത്തേയ്ക്ക് പോകേണ്ട ലൈറ്റ് വാഹനങ്ങൾ ചാവടിമുക്കിൽ നിന്നും തിരിഞ്ഞ് ഇഞ്ചി.കോളേജ്- മൺവിള – കുളത്തൂർ – മുക്കോലയ്ക്കൽ വഴി പോകേണ്ടതാണ്.

ഉള്ളൂർ ഭാഗത്തു നിന്നും ആറ്റിങ്ങൽ ഭാഗത്തേയ്ക്ക് പോകേണ്ട ഹെവി വാഹനങ്ങൾ ഉള്ളൂരിൽ നിന്നും തിരിഞ്ഞ് ആക്കുളം വഴി കുഴിവിള ബൈപ്പാസിലെത്തി പോകേണ്ടതാണ്.

<u>നോപാർക്കിംഗ് സ്ഥലങ്ങൾ</u>

1. അമ്പലത്തിൻകര മുസ്ലീം ജമ അത്ത് ജംഗ്ഷൻ – കുമഴിക്കര – ഗ്രീൻ ഫീൽഡ് സ്റ്റേഡിയം ഗേറ്റ് I, II, III,IV – LNCPE യുടെ പുറകുവശം - കുരിശടി ജംഗ്ഷൻ വരെയുള്ള റോഡിൽ യാതൊരു വിധ പാർക്കിംഗുകളും അനുവദിക്കുന്നതല്ല. ടി റോഡിലൂടെയുള്ള ഗതാഗതം വൺ വേ ആയി ക്രമീകരിച്ചിട്ടുള്ളതാണ്. (ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിന് ചുറ്റുമുള്ള റോഡ്)

2. കാര്യവട്ടം ജംഗഷനിൽ നിന്നും LNCPE – കുരിശടി ജംഗ്ഷൻ – പുല്ലാന്നിവിള വരെയുള്ള റോഡിൽ യാതൊരു വിധ പാർക്കിംഗുകളും അനുവദിക്കുന്നതല്ല.

<u>പാർക്കിംഗ് സ്ഥലങ്ങൾ</u>

1. കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസ് (എല്ലാത്തരം വാഹനങ്ങളും)
2. ഗവ. കോളേജ് കാര്യവട്ടം (കാർ, ടു വീലർ),
3. ബിഎഡ് സെന്റർ കാര്യവട്ടം (കാർ, ടു വീലർ)
4. LNCPE ഗ്രൗണ്ട് (കാർ)
5. കാര്യവട്ടം - തൃപ്പാദപുരം റോഡിന്റെ ഒരു വശം (ബസുകൾ)
6. അമ്പലത്തിൻകര മുസ്ലീം ജമ അത്ത് ഗ്രൗണ്ട് (ടു വീലർ)
7. ഗ്രീൻ ഫീൽഡ് സ്റ്റേഡിയം പാർക്കിംഗ് ഗ്രൗണ്ട് (ടു വീലർ)

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:-

**0471-2558731, 0471-2558732**

പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ്ബ് ഡിവിഷൻ (നോർത്ത്)
തിരുവനന്തപുരം സിറ്റി.